# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 6011.

10..7..2012-ൽ മറുപടിക്ക്

## ക്ഷീര കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, എം. എ. വാഹിദ്<br>,, ലൂഡി ലൂയിസ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ എൽ.ഐ.സി.യുമായി ചേർന്ന് 18 വയസ്സിനു മേൽ 60 വയസ്സിൽ താഴെയുള്ള ക്ഷീരകർഷകർക്കായി "ജനശ്രീ ഭീമായോജന" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇൻഷ്വറൻസ് പോളിസിയുടെ കാലാവധി പോളിസിയിൽ കാണിച്ചിട്ടുള്ള നിശ്ചിത തീയതി മുതൽ ഒരു വർഷമാണ്. കാലാവധി തീരുന്നതിനു മുമ്പ് പ്രീമിയം അടച്ച് ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.<br><br>എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ ക്ഷീരകർഷകർക്കായി 2011 മാർച്ച് മുതൽ മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി എറണാകുളം മേഖലാ യൂണിയൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>മലബാർ മേഖലാ യൂണിയന് പാൽ നല്കുന്ന ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പ്രതിവർഷം 90 ദിവസത്തിൽ കുറയാതെ പാലളക്കുന്ന ക്ഷീരകർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' മലബാർ യൂണിയൻ നടപ്പിലാക്കിയിട്ടുണ്ട്. അസുഖം ബാധിച്ച് ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടന്ന് ചികിത്സിക്കുന്നതിനാണ് ആനുകൂല്യങ്ങൾ നല്കുന്നത് .<br><br>കേരളാ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ ക്ഷീരകർഷകരെയും ഉൾപ്പെടുത്തി സമഗ്ര സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതിയായ 'ക്ഷീരസുരക്ഷ' പദ്ധതി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ആരാണ് പ്രസ്തുത പദ്ധതിക്ക് നേതൃത്വം നൽകുന്നത്; | (ബി) മിൽമയുടെ മേഖലാ യൂണിയനുകളും, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡും വെവ്വേറെയാണ് ഇൻഷ്വറൻസ് പദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസിയുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത്; | (സി) തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ എൽ.ഐ.സി. യുമായും, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായും, കേരളാ ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, ക്ഷീരവികസന വകുപ്പ്, മിൽമ, സഹകരണ സംഘങ്ങൾ എന്നിവരുടെ സഹകരണത്തോടു കൂടിയുമാണ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ഡി) ഏതെല്ലാം ആശുപത്രി ചെലവുകളാണ് കർഷകർക്ക് പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കുന്നത്? | (ഡി) മേഖലാ യൂണിയനുകൾ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം.

## തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ.

| ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ | പരമാവധി തുക |
| --- | --- |
| ഇൻഷ്വർ ചെയ്ത ആൾക്ക് സ്വാഭാവിക മരണം സംഭവിക്കുകയാണെങ്കിൽ നോമിനിയ്ക്ക് | 30,000 രൂപ |
| അപകടമരണം സംഭവിക്കുകയാണെങ്കിൽ നോമിനിയ്ക്ക് | 75,000 രൂപ |
| അപകടം മൂലം സ്ഥിരമായും,പൂർണ്ണമായും ശാരീരിക വൈകല്യം സംഭവിച്ചാൽ | 75,000 രൂപ |
| രണ്ട് കണ്ണുകൾ/ രണ്ട് കൈകൾ/ രണ്ട് കാലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ | 75,000 രൂപ |
| a) ഒരു കണ്ണും ഒരു കാലും അപകടത്തിൽ നഷ്ടപ്പെട്ടാൽ<br>b) ഒരു കണ്ണും ഒരു കൈയും അപകടത്തിൽ നഷ്ടപ്പെട്ടാൽ | 75,000 രൂപ |
| ഒരു കണ്ണു മാത്രം/ഒരു കൈ /ഒരു കാൽ മാത്രം അപകടത്തിൽ നഷ്ടപ്പെട്ടാൽ | 37,500 രൂപ |

## എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ നടപ്പിലാക്കുന്ന പദ്ധതിയുടെ ആശുപത്രി ചിലവുകളുടെ വിശദാംശങ്ങൾ.

| ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ | പരമാവധി തുക | റിമാർക്ക്സ് |
| --- | --- | --- |
| ഒരു വ്യക്തിക്ക് ഒരു വർഷം | 30,000 രൂപ | താഴെപ്പറയുന്ന പരിധികൾക്കു വിധേയം |
| ഒരു കുടുംബത്തിന് | 50,000 രൂപ | |
| ഒരു അസുഖത്തിന് ഒരു പ്രാവശ്യം | 20,000 രൂപ | |

| മുറിവാടക/ ദിവസം | ഐ.സി.യു വാടക/ദിവസം | ഡോക്ടറുടെ/നേഴ്സിംഗ് ഫീസ് | മരുന്നുകൾ/ടെസ്റ്റുകൾ/ കൃത്രിമാവയവങ്ങൾ |
| --- | --- | --- | --- |
| 200 രൂപ | 300 രൂപ | 5000 രൂപ *** | 5000 രൂപ *** |
| *** ഒരസുഖത്തിന് പരമാവധി | | | |

ഇതിനു പുറമെ, പ്രൊപ്പോസർക്ക് അപകട മരണം സംഭവിക്കുന്ന പക്ഷം നോമിനിക്ക് ഇൻഷ്വറൻസ് ആനുകൂല്യമായി 25000/ രൂപ ലഭിക്കുന്നതാണ്.